MANGALAM - 25-04-2025

# മൂല്യവർധിത മത്സ്യ ഉൽപന്നങ്ങൾ പരിശീലന പരിപാടി സമാപിച്ചു

കടമക്കുടി: മൂല്യ വർധിത മത്സ്യ ഉൽപ്പന്നങ്ങൾ എന്ന വിഷയത്തിൽ കടമക്കുടി ഗവ. വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ത്രിദിന പരിശീലന പരിപാടി സമാപിച്ചു.

പങ്കെടുത്തവർക്ക് കെ എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ, സിഫ്റ്റുമായി ചേർന്ന് കടമക്കുടി പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് മേരി വിൻസന്റ്, വാർഡ് മെമ്പർ പ്രബിൻ കോമളൻ, എം.എ മുരളി, പി.ആർ ഷിബു, കെ.പി പ്രമീള, ഡോ. സിന്ധു എസ്. പ്രസാദ് എന്നിവർ സംസാരിച്ചു. കേന്ദ്രസർക്കാരിന്റെ പട്ടികജാതി ഉപ പദ്ധതിയുടെ കീഴിൽ നടന്ന പരിപാടിക്ക് സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. പി.കെ ബിൻസി, ശ്രീപ്രിയ പ്രകാശൻ എന്നിവർ നേതൃത്വം നൽകി.



■ ഐ.സി.എ.ആർ, സിഫ്റ്റ് എന്നിവർ ചേർന്ന് കടമക്കുടി പഞ്ചായത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ത്രിദിന പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ സർട്ടിഫിക്കറ്റ് നൽകുന്നു.